**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1596** **05-07-2022 - ൽ മറുപടിയ്ക്ക്**

**നെല്ലിന്റെ സംഭരണ വില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ വർഷം നെല്ല് സംഭരണം നടത്തിയ വകയിൽ കർഷകർക്ക് കൃത്യമായി സംഭരണ വില നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | 2021-22 സീസണിൽ 24.06.2022 വരെ 252132 കർഷകരിൽ നിന്നും 745163 ടൺ നെല്ല് സംഭരിക്കുകയും 243862 കർഷകർക്ക് 2038.14 കോടി രൂപ വിതരണം ചെയ്യുകയുമുണ്ടായി. ബാക്കിയുള്ള 48.32 കോടി രൂപ 8270 കർഷകർക്കായി വിതരണം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | നെല്ലിന്റെ സംഭരണ വില കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇതിന് ആനുപാതികമായി സംസ്ഥാന സർക്കാർ സംഭരണ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | 2022-23 സീസൺ മുതൽ നെല്ലിന്റെ താങ്ങുവില (MSP) കേന്ദ്ര സർക്കാർ 19.40 രൂപയിൽ നിന്നും ഒരു രൂപ വർദ്ധിപ്പിച്ച് 20.40 രൂപ ആക്കിയതായി മാധ്യമങ്ങളിലൂടെ വിവരം ലഭിച്ചിരുന്നെങ്കിലും ആയത് സംബന്ധിച്ച ഉത്തരവ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. |
| (സി) | വേനൽ മഴയിൽ നെൽപാടങ്ങൾ തകർന്നുപോയ കർഷകർക്ക് സംസ്ഥാന സർക്കാർ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ; | (സി) | വേനൽ മഴ മൂലം ഉണ്ടായ നെൽകൃഷി നാശത്തിന് നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിച്ച കർഷകർക്ക് കൃഷി വകുപ്പിന്റെ പദ്ധതിയായ "പ്രകൃതി ദുരന്തങ്ങളെ നേരിടുന്നതിനുള്ള അടിയന്തിര പരിപാടി” മുഖേന സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്നും ഒരു ഹെക്ടറിന് 13,500/- രൂപ നിരക്കിലും, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന ഇൻഷ്വർ ചെയ്ത കർഷകർക്ക് ഒരു ഹെക്ടറിന് 35,000/- രൂപ നിരക്കിലും നഷ്ടപരിഹാരം നൽകുന്നുണ്ട്. പ്രസ്തുത പദ്ധതികൾ നിലവിൽ കൃഷി വകുപ്പിന്റെ എയിംസ് പോർട്ടൽ മുഖേന ഓൺലൈനായാണ് നടപ്പിലാക്കുന്നത്.<br><br>01/04/2022 മുതൽ 31/05/2022 വരെയുള്ള കാലയളവിലെ, എയിംസ് പോർട്ടലിലെ റിപ്പോർട്ട് പ്രകാരം നെൽകൃഷി നാശത്തിന് നഷ്ടപരിഹാരമായി |

| | | | |
|---|---|---|---|
| | | | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 886.27788 ലക്ഷം രൂപയും, പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം 432.1692 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | വേനൽ മഴയിൽ കനത്ത നാശനഷ്ടം സംഭവിച്ചതിനെ തുടർന്ന് ആത്മഹത്യ ചെയ്ത നെൽകർഷകരുടെ വായ്പകൾ എഴുതിത്തള്ളുന്നതിനും കർഷകരുടെ വായ്പയ്ക്ക് മോറട്ടോറിയം ഉൾപ്പടെയുള്ള നടപടികൾ കൈക്കൊള്ളുന്നതിനും പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നതിനും വായ്പയുടെ തിരിച്ചടവിന് സാവകാശവും തവണയും അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുന്ന സാഹചര്യത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി മൊറട്ടോറിയമുൾപ്പെടെയുള്ള ആശ്വാസ നടപടികൾ ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാന ത്തിൽ കർഷകരുടെ വായ്പകളിന്മേൽ ബാങ്കുകൾ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ